# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:03.05.2025**

## പ്രധാനവാർത്തകൾ

1. ഭീകരർക്കും അവരെ പിന്തുണയ്ക്കുന്നവർക്കുമെതിരെ കർശനമായ നടപടി സ്വീകരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി, പാകിസ്ഥാനിൽ നിന്നുള്ള ഇറക്കുമതിയും തപാൽ കൈമാറ്റവും നിരോധിച്ച് ഇന്ത്യ.

2. കുടുംബശ്രീ സംഘടിപ്പിക്കുന്ന 12-ാം ദേശീയ സരസ് മേള അല്പമസയത്തിനകം കോഴിക്കോട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

3. കോഴിക്കോട് മെഡിക്കൽ കോളേജ് അത്യാഹിതവിഭാഗത്തിലുണ്ടായ അപകടത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് മന്ത്രി വീണാ ജോർജ്.

4. പൂരത്തിനൊരുങ്ങി തൃശ്ശൂർ ; സാംപിൾ വെടിക്കെട്ട് നാളെ.

5. ഐ.പി.എൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

&&&&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 1</u>

<u>പ്രധാനമന്ത്രി -അംഗോള പ്രസിഡൻറ് (ഇൻട്രോ)</u>

കൃഷി, പരമ്പരാഗത വൈദ്യശാസ്ത്രം, സംസ്കാരം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഇന്ത്യയും അംഗോളയും

RNU TVPM

ഇന്ന് നിരവധി കരാറുകൾ കൈമാറി. ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും അംഗോള പ്രസിഡന്റ് ജോവോ മാനുവൽ ഗോൺകാൽവ്സ് ലോറെൻസോയും തമ്മിലുള്ള പ്രതിനിധിതല ചർച്ചകളെ തുടർന്നാണ് കരാർ

കൈമാറ്റം. ഭീകരർക്കും അവരെ പിന്തുണയ്ക്കുന്നവർക്കുമെതിരെ ഉറച്ചതും നിർണ്ണായകവുമായ നടപടി സ്വീകരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി മോദി തന്റെ സംയുക്ത വാർത്താക്കുറിപ്പിൽ പറഞ്ഞു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ അംഗോള നൽകിയ പിന്തുണയ്ക്ക് അദ്ദേഹം നന്ദി പറഞ്ഞു.

(ഹോൾഡ്-പി എം)

സന്ദർശനം 38 വർഷത്തിനിടെ ആദ്യത്തേതാണെന്നും ഇത് അംഗോളയ്ക്ക് ഒരു സുപ്രധാന നിമിഷമാണെന്നും പ്രസിഡന്റ് ലോറെൻസോ മാധ്യമങ്ങളോട് പറഞ്ഞു. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി അംഗോള പ്രസിഡന്റ് ഇന്നലെയാണ് ന്യൂഡൽഹിയിൽ എത്തിയത്. ഇന്ന് രാവിലെ രാഷ്ട്രപതി ഭവനിൽ പ്രസിഡന്റ് ലോറെൻസോയ്ക്ക് ആചാരപരമായ സ്വീകരണം നൽകി. വൈകുന്നേരം രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. നാളെ, ഇരു രാജ്യങ്ങളും തമ്മിലുള്ള നിക്ഷേപവും വാണിജ്യ ബന്ധങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടുള്ള ബിസിനസ് പരിപാടിയിൽ പ്രസിഡന്റ് ലോറെൻസോ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&

## പാകിസ്ഥാൻ - നിരോധനം

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്ഥാനിൽ നിന്നുമുള്ള എല്ലാത്തരം മെയിലുകളുടെയും പാഴ്സലുകളുടെയും കൈമാറ്റം ഇന്ത്യ താൽക്കാലികമായി നിർത്തിവച്ചു. വ്യോമ, ഉപരിതല മാർഗങ്ങളിലൂടെയുള്ള പാഴ്സലുകളുടെ കൈമാറ്റം താൽക്കാലികമായി നിർത്തിവയ്ക്കാൻ കമ്മ്യൂണിക്കേഷൻ മന്ത്രാലയം ഇന്ന് പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. നേരത്തെ പാക്കിസ്ഥാനിൽ

PNU TVPM

ഉത്പാദിപ്പിക്കുന്നതോ, കയറ്റുമതി ചെയ്യുന്നതോ ആയ, എല്ലാ വസ്തുക്കളുടെയും നേരിട്ടോ അല്ലാതെയോ ഉള്ള ഇറക്കുമതി അടിയന്തര പ്രാബല്യത്തിൽ നിരോധിച്ച് വാണിജ്യമന്ത്രാലയം ഉത്തരവിറക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

### വീണാ ജോർജ്ജ് - കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് മെഡിക്കൽ കോളെജിൽ അത്യാഹിത വിഭാഗത്തിൽ നിന്നും പുകയുയർന്ന് അപകടമുണ്ടായ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശനത്തിനും ഉദ്യോഗസ്ഥരുമായുള്ള ചർച്ചക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. സംഭവത്തിൽ പോലീസ് 2 കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. സാങ്കേതിക തകരാർ സംബന്ധിച്ച അന്വേഷണം പുരോഗമിക്കുന്നതായും മന്ത്രി വ്യക്തമാക്കി. പിഡബ്ല്യൂഡി ഇലക്ട്രിക്കൽ വിഭാഗം പ്രാഥമികാന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതായും ആരോഗ്യമന്ത്രി അറിയിച്ചു.

(ഹോൾഡ്-വോയ്സ്)

RNU TVPM

&&&&&&&&&&&&&&&&&&&&&

### വി.ഡി സതീശൻ

കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെ തീപിടിത്തത്തിൽ സർക്കാർ ഉന്നതതല അന്വേഷണത്തിന് ഉത്തരവിടണമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. . ആശുപത്രി അധികൃതരുടെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കണം. നിലവിൽ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയിരിക്കുന്നവരുടെ ചികിത്സാ ചെലവ് പൂർണമായും സർക്കാർ ഏറ്റെടുക്കണമെന്നും ശ്രീ സതീശൻ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&

## ചെന്നിത്തല - കോഴിക്കോട്

അതേസമയം കോഴിക്കോട് മെഡിക്കൽ കോളെജിലുണ്ടായത് വലിയ സുരക്ഷാവീഴ്ചയാണെന്ന് കോൺ്ഗ്രസ് നേതാവ് രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. സംഭവത്തെക്കുറിച്ച് സർക്കാർ ഇതര ഏജൻസി അന്വേഷിച്ചാൽ മാത്രമേ വസ്തുത പുറത്തുവരു എന്ന് അദ്ദേഹം കൊല്ലത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## കോഴിക്കോട് മെഡിക്കൽ കോളേജ് - ഉപരോധം

മെഡിക്കൽ കോളേജ് വിഷയത്തിൽ പ്രതിഷേധിച്ച് ബി.ജെ.പി ഓഫീസ് ഉപരോധിച്ചു. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം നൽകുക, പരിക്കേറ്റവരുടെ തുടർ ചികിത്സ ഉറപ്പു വരുത്തുക, രോഗികളുടെ മുഴുവൻ ചിലവും സർക്കാർ വഹിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ചായിരുന്നു ഉപരോധം.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## സരസ് മേള

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 12-ാം ദേശീയ സരസ് മേളയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ അല്പസമയത്തിനകം കോഴിക്കോട് ബീച്ചിൽ നിർവഹിക്കും. കോഴിക്കോട് ആദ്യമായി ആതിഥ്യം അരുളുന്ന ദേശീയ സരസ് മേള ഈ മാസം 13 വരെയാണ് നടക്കുന്നത്. ഉദ്ഘാടന ചടങ്ങിന് മുന്നാടിയായി മാനാഞ്ചിറയിൽ നിന്ന് കോഴിക്കോട് ബീച്ചിലേക്ക് വർണാഭമായ ഘോഷയാത്ര നടന്നു.

&&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&&&&

## വേവ്സ്-അശ്വിനി വൈഷ്ണവ്

മാധ്യമ, വിനോദ മേഖലകളിൽ ഇന്ത്യയ്ക്ക് ആഗോള നേതൃത്വം ഏറ്റെടുക്കാൻ കഴിയുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ്. ഈ കാര്യത്തിൽ ഇന്ത്യയുമായി പ്രവർത്തിക്കാൻ നിരവധി ആഗോള സ്ഥാപനങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മുംബൈയിൽ WAVES ഉച്ചകോടിയുടെ ഭാഗമായി നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഗൂഗിൾ, മെറ്റ, മൈക്രോസോഫ്റ്റ് എന്നിവയുൾപ്പെടെ ഏഴ് ആഗോള സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജിയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&

## കമ്മ്യൂണിറ്റി റേഡിയോ-എൽ. മുരുകൻ

രാജ്യത്തുടനീളം കമ്മ്യൂണിറ്റി റേഡിയോകൾ നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിച്ച് കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ. എല്ലാ കമ്മ്യൂണിറ്റി റേഡിയോകളും ഓരോ ലക്ഷ്യത്തിനായി പ്രവർത്തിക്കുകയും പാരമ്പര്യത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വേവ്സ് ഉച്ചകോടിയിൽ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രസഹമന്ത്രി.

&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## തൃശ്ശൂർ പൂരം - സാമ്പിൾ (ഇൻട്രോ)

മെയ് ആറിന് നടക്കുന്ന തൃശ്ശൂർ പൂരത്തിനു മുന്നോടിയായിട്ടുള്ള ശബ്ദ,വർണ ആഘോഷമായ സാംപിൾ വെടിക്കെട്ട് നാളെ രാത്രി

7ന് മണിക്ക് ആരംഭിക്കും. ആദ്യം തിരുവമ്പാടിയും തുടർന്ന് പാറമേക്കാവും വെടിക്കെട്ട് വിസ്മയത്തിനു തിരികൊളുത്തും.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാപ്രതിനിധി ഭരിത പ്രതാപ് ........ (വോയ്സ്)**

&&&&&&&&&&&&&&&&&&&&&

## ബീച്ച് ടൂറിസം - കണ്ണൂർ

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് - ധർമ്മടം സമഗ്ര ബീച്ച് ടൂറിസം വികസന പദ്ധതിയുടെ ഒന്നാംഘട്ട ഉദ്ഘാടനം നാളെ രാവിലെ 10 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ടൂറിസം വകുപ്പ് 233.71 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയുടെ ഒന്നാം ഘട്ടമാണ് പൂർത്തിയായത്.

&&&&&&&&&&&&&&&&&&&&&

RNU TVPM

## കോഴിക്കോട് - വയോജനങ്ങൾ (ഇൻട്രോ)

ലോകാരോഗ്യ സംഘടനയുടെ വയോജന സൗഹൃദ നഗരങ്ങളുടെ ആഗോള ശൃംഖലയിൽ ഇനി കോഴിക്കോട് നഗരവും. വയോജനങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ആണ് കോർപ്പറേഷൻ ഈ പട്ടികയിൽ ഇടം പിടിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു...... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ രാത്രി 07.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&&

## മഴ

കേരളത്തിൽ വീണ്ടും മഴ ശക്തിപ്രാപിക്കുന്നു. വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&&&&

## പേവിഷ ബാധ

പേവിഷ ബാധ സ്ഥിരീകരിച്ച് തിരുവനന്തപുരം S.A.T ആശുപത്രിയിൽ ചികിത്സയിലുള്ള കുട്ടിയുടെ നില ഗുരുതരം. കൊല്ലം സ്വദേശിയായ ഏഴ് വയസുകാരിക്കാണ് വാക്സിൻ എടുത്തശേഷവും പേവിഷ ബാധ സ്ഥിരീകരിച്ചത്. കുട്ടിക്ക് കൃത്യമായ ചികിത്സ നൽകിയിട്ടുണ്ടെന്നും എന്നാൽ നേരിട്ട് ഞരമ്പുകളിൽ കടിയേറ്റതാകാം നില വഷളാകാൻ കാരണമെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&&&

## തെരുവു നായ - ആക്രമണം - കണ്ണൂർ

കണ്ണൂർ ചാലാട്ടും പള്ളിക്കുന്നിലുമായി തെരുവ് നായകളുടെ കടിയേറ്റ് 12 ഓളം പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

&&&&&&&&&&&&&&&&&&&&&

## പീഡനം - ശിക്ഷ

ഇടുക്കിയിൽ ഭിന്നശേഷിക്കാരിയായ പെൺകുട്ടിയെ പീഡിപ്പിച്ച പ്രതിക്ക് ഇരട്ടജീവപര്യന്തവും മൂന്ന് ലക്ഷത്തി പതിനൊന്നായിരം രൂപ പിഴയും ശിക്ഷ. വട്ടവട ഗ്രാമ പഞ്ചായത്ത് പഴത്തോട്ടം കോവിലൂർ ആരോഗ്യദാസിൻ്റെ മകൻ കുരുവി എന്ന് വിളിക്കുന്ന അന്തോണിയെയാണ് ഇടുക്കി പൈനാവ് അതിവേഗ കോടതി ശിക്ഷിച്ചത്. 2021 ഓഗസ്റ്റ് നാലിനാണ് കേസിന് ആസ്പദമായ സംഭവം.

&&&&&&&&&&&&&&&&&&&&&

## ബാലാവകാശ കമ്മീഷൻ

സ്കൂൾ വാർഷിക പരിപാടികൾ പ്രവൃത്തി ദിനങ്ങളിൽ നടത്താൻ പാടില്ലെന്ന് സംസ്ഥാന ബാലാവകാശ കമ്മിഷൻ. പരിപാടികൾ ശനി, ഞായർ ദിവസങ്ങളിൽ പകൽ സമയം ആരംഭിച്ച് രാത്രി 9.30 നകം തീരുന്ന രീതിയിൽ ക്രമീകരിക്കണം. സ്കൂൾ പ്രവർത്തനങ്ങളെയും കുട്ടികളുടെ ക്ലാസുകളെയും തടസ്സപ്പെടുത്തുന്ന രീതിയിൽ പാഠ്യേതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM